(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർജറി വിഭാഗത്തിൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ

69 (3500) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂർണ്ണമായും തീരദേശമണ്ഡലമായ വൈപ്പിനിലെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത സെന്ററിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ വ്യാപ്തി, ഓൾഡ് ഏജ് ഹോമിന്റെ സാമീപ്യം എന്നിവ കണക്കിലെടുത്ത് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് മുഖേന എടവനക്കാട് പി.എച്ച്.സി.യിൽ 14 കിടക്കകളുള്ള ഐ.പി. വാർഡ് പണിതിട്ടുണ്ടെങ്കിലും 24x7 പി.എച്ച്.സി.യായി അപ്ഗ്രേഡ് ചെയ്താൽ മാത്രമേ കിടത്തി ചികിത്സ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത പി.എച്ച്.സി.-യിലെ ശരാശരി ഒ.പി. 100 ആണ്. 79 സെന്റ് സ്ഥലത്താണ് ഈ പി.എച്ച്.സി. സ്ഥിതിചെയ്യുന്നത്. ഈ കോമ്പൗണ്ടിനുള്ളിൽതന്നെ ഓൾഡ് ഏജ് ഹോം പ്രവർത്തിക്കുന്നുണ്ട്. കിടത്തി ചികിത്സ പി.എച്ച്.സി.-കളുടെ പ്രവർത്തന ലക്ഷ്യമല്ല. സംസ്ഥാന/ദേശീയതലത്തിലുള്ള ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളുമാണ് പി.എച്ച്.സി.-കളുടെ പ്രവർത്തന ലക്ഷ്യം. എടവനക്കാട് പി.എച്ച്.സി-യെ 24x7 പി.എച്ച്.സി.ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly